## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :109 01.07.2015 ൽ മറുപടിയ്ക്ക്

### ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

ചോദ്യം

ശ്രീ.ടി.എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, വി.ഡി.സതീശൻ

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015-ന്റെ ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും പൂർത്തിയായിട്ടുണ്ട്. കേരളത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിനാണ് പ്രസ്തുത പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. സ്വന്തമായി ഭൂമിയില്ലാത്ത, വാർഷിക കുടുംബവരുമാനം 75,000/- രൂപയിൽ താഴെയുള്ള, കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് വേണ്ടി മൂന്ന് സെന്റ് ഭൂമി വീതം സൗജന്യമായി പതിച്ചുകൊടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. വരുമാന പരിധി 28.10.2014-ൽ ഒരു ലക്ഷമായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | ഭൂരഹിതർക്ക് നൽകാൻ ഭൂമി കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി)യും (സി)യും.<br><br>താലൂക്ക്, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്ന പ്രവർത്തനം വില്ലേജ് ഓഫീസർമാർ, താലൂക്ക് തഹസിൽദാർമാർ, ജില്ലാ കളക്ടർമാർ എന്നിവരുടെ മേൽനോട്ടത്തിൽ നടന്നുവരികയാണ്. പാട്ടക്കാലാവധി കഴിഞ്ഞതും, പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ സർക്കാർ ഭൂമികളും, മറ്റു വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതും എന്നാൽ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമികൾ കൂടി കണ്ടെത്തി പദ്ധതിക്കായി ഉപയോഗിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം സർക്കാർ ഭൂമിയിലുള്ള അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണ്; | |
| (ഡി) | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 ൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | മിഷൻ 676-ൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത പദ്ധതിയിൽ വിതരണം ചെയ്യുന്നതിനാവശ്യമായ വാസയോഗ്യമായ മുഴുവൻ സർക്കാർ ഭൂമിയും കണ്ടെത്തുവാനുള്ള ഊർജ്ജിത ശ്രമങ്ങൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്നു വരുന്നു. |

C.K.V.Kumar

സെക്ഷൻ ഓഫീസർ